## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5085** **02.07.2013-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം മണ്ഡലങ്ങളിലാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചത് ;<br><br>(ബി) ഈ മണ്ഡലങ്ങളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര എണ്ണം തീർപ്പാക്കിയെന്നും അറിയിക്കാമോ ? | (എ) & (ബി) എല്ലാ ഗ്രാമീണ ഭവനങ്ങളുടെയും വൈദ്യുതീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആരംഭിച്ച ആർ. ജി. ജി. വി. വൈ പദ്ധതി കേരളത്തിൽ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ഇടുക്കി ജില്ലയിൽ പൂർത്തികരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വടക്കൻ കേരളത്തിലെ മലപ്പുറം ഒഴികെയുള്ള അഞ്ച് ജില്ലകളിൽ ടേൺ കീ അടിസ്ഥാനത്തിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മലപ്പുറം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി ബോർഡ് തന്നെ നേരിട്ട് നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 51396 കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ച 22796 ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബോർഡിൻെറ തനത് ഫണ്ടുപയോഗിച്ചും കണക്ഷൻ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ച 33840 ഗാർഹിക അപേക്ഷകർക്ക് മാത്രമേ ഇനി കണക്ഷൻ നൽകുവാനുള്ളൂ. |

**സെക്ഷൻ ഓഫീസർ.**